അതികവർഷാനുകൂല്യം അങ്ങനെ നിൽക്കട്ടെ, ബാക്കിയെല്ലാം ഇപ്പോൾ കൊടുക്കാം എന്ന്. അതൊന്നും കൊടുക്കില്ല എന്നല്ല, കിട്ടുന്ന തുക എത്രയാണോ അത്രയും രൂപ നമ്മൾ ചെലവാക്കികൊണ്ടിരിക്കുന്നു. ബഡ്ജറ്റിൽ നിന്നും ഓരോ വർഷവും പതിനഞ്ചും ഇരുപതും കോടി രൂപ അഡീഷണലായി വാങ്ങുന്നുണ്ട്. ഇപ്പോൾ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്, 27 മാസം വരെയൊക്കെ കുറെ കുടിശ്ശികയാകുന്നു. അപ്പോൾ മുന്ന്, നാല് മാസത്തേത് കൊടുക്കും. ഒക്ടോബർ മാസം മുതൽ മാസാമാസം ഈ പെൻഷൻ കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ വർഷവും ബഡ്ജറ്റിൽ വകകൊള്ളിച്ചതിനേക്കാൾ കൂടുതലായി ചെലവാക്കിയിട്ടുണ്ട്. കർഷകത്തൊഴിലാളികൾക്ക് 27 മാസത്തെ കുടിശ്ശികയുണ്ട്. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇതിൽ എന്തുചെയ്യാൻ കഴിയും എന്നുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. മാർച്ച് മാസം 31-ന് മുമ്പ് ഒരു ഗഡു കൂടി കൊടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> ക്ഷേമനിധി ബോർഡിന് ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കുമോ എന്ന് ചോദിച്ചിരുന്നു. എന്റെ രണ്ടാമത്തെ ചോദ്യം കർഷകത്തൊഴിലാളി പെൻഷൻ കഴിഞ്ഞ 5 വർഷമായിട്ട് വർദ്ധിപ്പിച്ചിട്ടില്ല. അത് വർദ്ധിക്കണമെന്നാണ് എല്ലാ സംഘടനകളും ആവശ്യപ്പെടുന്നത്. കുറഞ്ഞത് 200 രൂപയെങ്കിലുമായി വർദ്ധിപ്പിക്കണമെന്നതാണ് അവരുടെ ആവശ്യം. കുടിശ്ശികയുണ്ടെങ്കിലും അത് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ബാബു ദിവാകരൻ:</u> 2003-ൽ 29 കോടി രൂപ അധികം തന്നു. 2003-2004-ൽ നാല് കോടി എൺപത് ലക്ഷം രൂപ അധികം തന്നു. 2004-2005-ൽ 19 കോടി രൂപ അധികം തന്നു. എല്ലാം ബഡ്ജറ്ററി സപ്പോർട്ടാണ്. ബോഡിന്റെ പ്രവർത്തനങ്ങൾക്ക് ഈ വർഷത്തെ ബഡ്ജറ്റിലേയ്ക്ക് ഒരു കോടിയോളം രൂപ നീക്കിവച്ചിട്ടുണ്ട്. അത് നേടിയെടുക്കാൻ നമ്മൾ ശ്രമിക്കുകയാണ്. ഇങ്ങനെ പ്രയാസപ്പെട്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ പെൻഷൻ വർദ്ധിപ്പിക്കുക എന്നു പറയുമ്പോൾ, തൊഴിലാളികളോടുള്ള ബാദ്ധ്യത ഏറ്റെടുക്കാം എന്നതിൽ കവിഞ്ഞ് അത് കൊടുക്കാൻ കഴിയില്ല. ഈ കുടിശ്ശിക കൊടുത്ത് തീർത്തിട്ട് പെൻഷൻ കൂട്ടുന്നതിനെക്കുറിച്ച് ആലോചിക്കുന്നതായിരിക്കും നല്ലത് എന്നാണ് എന്റെ അഭിപ്രായം.

(2) കൊച്ചി നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കേണ്ടതിന്റെ ആവശ്യകത

<u>പ്രൊ. കെ. വി. തോമസ്:</u> സർ, കൊച്ചി നഗരം കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ഏറ്റവും രൂക്ഷമായ കുടിവെള്ള പ്രശ്നത്തിലൂടെ കടന്നുപോകുയാണ്. ഞങ്ങൾ നാലു പേരാണ് കൊച്ചി നഗരത്തെ പ്രതിധാനം ചെയ്യുന്നത് ഞാനും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും. ശ്രീ. ഡൊമനിക് പ്രസന്റേഷനും, ശ്രീ. കെ. ബാബുവും. ഈ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്തും വെള്ളമില്ല. ശ്രീ. ലൂഡി ലൂയിസിന്റെ വീട്ടിൽ വെള്ളമില്ല. അടിയന്തിരമായി ചില നടപടികളെടുക്കണം. Hudco യുടെ ഉൾപ്പെടെയുള്ള long term പ്രോജക്ടും നടക്കുകയാണ്. ഹഡ്കോ ഉൾപ്പെടെയുള്ള പദ്ധതികൾ പൂർത്തീകരിക്കാൻ നടപടിയെടുക്കണം. ഷോർട്ട് ടേം പ്രോജക്ടുകളും പൂർത്തിയാക്കാൻ നടപടികൾ എടുക്കണം. കൊച്ചി നഗരം വളരെ വേഗത്തിലാണ് വളരുന്നത്. ധാരാളം മൾട്ടി സ്റ്റോറീഡ് ബിൽഡിംഗ്സ് ഉണ്ടാകുന്നുണ്ട്. ഇപ്പോഴാണെങ്കിൽ വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ വരുന്നുണ്ട്. ടൂറിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം ഒരു കാലഘട്ടത്തിലും ഇല്ലാത്തവിധം ടൂറിസ്റ്റ് കപ്പലുകൾ വരുന്നു. ഇവർക്കെല്ലാം വെള്ളം കൊടുക്കണം. സ്മാർട്ട് സിറ്റി വരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വളരെ താൽപ്പര്യമെടുത്തിട്ടുണ്ട് എന്ന് എനിക്കറിയാം. അദ്ദേഹം അതിനുവേണ്ടി പല കോൺഫറൻസുകളും വിളിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിലുള്ള പരിപാടികൾക്ക് രൂപം നൽകുന്നതോടൊപ്പം തന്നെ ഷോർട്ട് ടേം പദ്ധതികളും എടുക്കേണ്ടതാണ്. മുളവുകാട് പഞ്ചായത്തിൽ കഴിഞ്ഞ ഒരു മാസമായി ഒരു തുള്ളി വെള്ളം പോലുമില്ല. അവിടെയുള്ള കുടുംബബന്ധങ്ങൾ പോലും തകരുകയാണ്. വീട്ടിലെ സ്ത്രീകൾ രാത്രി എവിടെയെങ്കിലും പോയി വെള്ളം കൊണ്ടുവരുന്നു. ദീർഘകാല പരിപാടികൾ ആസൂത്രണം ചെയ്യുന്നതോടൊപ്പം തന്നെ ഷോർട്ട് ടേം ആയി വെള്ളം കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. 50 വർഷത്തിനുമുമ്പുള്ള പഴയ പൈപ്പുകൾ ഉണ്ട്. അതൊക്കെ എടുത്തുമാറ്റി, വളരെ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. 25 കൊല്ലങ്ങൾകൊണ്ട് കൊച്ചി പട്ടണത്തിൽ പുതിയ ഫ്ളാറ്റുകൾ, പുതിയ കൺസ്ട്രക്ഷനുകൾ ഒക്കെ വരികയുണ്ടായി. പക്ഷെ വെള്ളത്തിന്റെ സ്രോതസ്സുമാത്രം ഒരു പോലെ നിൽക്കുകയാണ്. സ്വാഭാവികമായിട്ടും അതിന്റേതായ പ്രശ്നങ്ങളും അവിടെയുണ്ടാകും. അതോടൊപ്പം തന്നെ കൊച്ചി നഗരത്തിനുവേണ്ടി നമുക്ക് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്. പക്ഷെ കോർപ്പറേഷൻ അടയ്ക്കാനുള്ള തുക അടയ്ക്കാൻ അങ്ങയുടെ സമ്മർദ്ദംകൂടി ഉണ്ടായാൽ, വാട്ടർ അതോറിറ്റിക്ക് കുറച്ചുകൂടി എളുപ്പത്തിൽ കാര്യങ്ങളൊക്കെ ചെയ്തു തീർക്കാൻ കഴിയും. അവിടെ നാലു പുതിയ രൂപത്തിലുള്ള കൂടിവെള്ള പദ്ധതികൾ ഇപ്പോൾ On-going ആയി നടക്കുയാണ്. അഞ്ചാമതും ആറാമതുമായിട്ട് രണ്ടു പദ്ധതികൾ കൂടി നടപ്പാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. Jawaharlal Nehru Urban Renewal, Mission Phase-I, Phase - II എന്നീ രണ്ടു പദ്ധതികൾ 2041-മാണ്ട് വരെയുള്ള ആവശ്യം മുന്നിൽ കണ്ടുകൊണ്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്. ഫെയ്സ് I-ൽ 155 കോടി രൂപ ചെലവ് വരുന്ന വലിയൊരു പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഫെയ്സ് II-ൽ 285 ദശലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള പ്ലാന്റ് ഉൾപ്പെടെ 355 കോടി രൂപയുടെ വിപുലമായ പദ്ധതികളാണ്

LIBRARY ARCHIVES Kerala Legislative Assembly

വിശാവനം ചെയ്തിരിക്കുന്നത്. അങ്ങനെ രണ്ട് പദ്ധതികൾ കൊച്ചി പട്ടണത്തിന് ക്രമാതീതമായി വളർച്ച ഉണ്ടാകുന്നതുകൊണ്ട്, ആ വളർച്ചക്ക് അനുഗുണമായ വിധത്തിൽ ശുദ്ധജലം കൊടുക്കാൻ ഫ്യൂച്ചറിൽ നമ്മൾ പ്ലാൻ ചെയ്യുന്നുണ്ട്. ഇപ്പോൾതന്നെ ഓൺഗോയിംഗ് സ്കീമിനകത്ത് നാലു സ്കീമുകളുടെ പണികളാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിൽ ഒന്ന്, ഡി. എഫ്, ഐ. ഡി.യുടെ വാട്ടർ സപ്ലൈ സ്കീം അടുത്തമാസം 15-ാം തീയതി കമ്മീഷൻ ചെയ്യുകയാണ്. ബഹുമാനപ്പെട്ട ഇൻസ്ട്രീസ് വകുപ്പ് മന്ത്രിയും ശ്രീ. ഡൊമിനിക് പ്രസന്റേഷനുമടക്കം ഞങ്ങൾ ഒരുമിച്ച് 15-ാം തീയതി കമ്മീഷൻ ചെയ്യാമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം കൊച്ചി ഇടക്കാല ശുദ്ധജല വിതരണ വിപുലീകരണ പദ്ധതിയുമുണ്ട്. അത് ഹഡ്കോയുടെ ധനസഹായത്തോടുകൂടി നടത്തുന്ന പദ്ധതിയാണ്. നാലു റീച്ചിലെ പണികളാണ് പൂർത്തീകരിക്കാനുള്ളത്. രണ്ടു റീച്ചിലെപണികൾ ഏറെക്കുറെ നടന്നുകൊണ്ടിരിക്കുന്നു. അതിനാവശ്യമായ പൈപ്പ് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും നമ്മൾ വാങ്ങുകയാണ്. 7350 മീറ്റർ പൈപ്പാണ് അതിന് ആവശ്യമുള്ളത്. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും അതിനു 5500 മീറ്റർ പൈപ്പ് ഗവൺമെന്റ് വാങ്ങി. അത് സൈറ്റിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്. ഈ മാസം 15-ാം തീയതിയോടുകൂടി ബാക്കി പൈപ്പുകളും ലഭിക്കുമെന്നു കരുതുന്നു. പൈപ്പ് ഇടുന്ന ജോലികൾ മൂന്ന് ഭാഗങ്ങളാക്കി തിരിച്ചിട്ടുണ്ട്. ഒന്നാമത്തെയും, രണ്ടാമത്തെയും ഭാഗങ്ങളുടെ പൈപ്പിന്റെ ലൈനിംഗ് ജോലികൾ ആരംഭിച്ചുകഴിഞ്ഞു. മൂന്നാമത്തെ ഭാഗത്തിന്റെ ടെണ്ടർ അംഗീകരിച്ച് അതിന്റെ ക്രമത്തിൽ മുന്നോട്ട് പോകാമെന്ന് കരുതുകയാണ്. പുക്കോട്ട്പടി പൈപ്പ് ലൈൻ റോഡ് ജംഗ്ഷൻ മുതൽ പാലാരിവട്ടം ബൈപ്പാസ് വരെയുള്ള പൈപ്പ് ഇടിൽ ജോലികളുടെ റീ-ടെണ്ടറിംഗ് അംഗീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കത്രിക്കടവ് മുതൽ എളംകുളംവരെയും എളംകുളം മുതൽ കോന്തുരുത്തി വരെയും പൈപ്പ് ഇടുന്നതിന് ആവശ്യമായ പൈപ്പുകൾ കരാറുകാരായ ഫാക്ട് എഞ്ചിനീയറിംഗ് വർക്സ് ലൈനിംഗ് ചെയ്ത് സപ്ലൈ ചെയ്തിട്ടുണ്ട്. ഈ പൈപ്പുകൾ സ്ഥാപിക്കുവാനുള്ള നടപടികളും നടത്തിവരികയാണ്. കോന്തുരുത്തി മുതൽ മട്ടാഞ്ചേരി വരെ ഇടേണ്ട പൈപ്പുകൾ പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. ജോലികൾ പുരോ

10.00 a.m.

ഗമിച്ചുകൊണ്ടിരിക്കുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടുകൂടി കൊച്ചി നഗരത്തിലേക്ക് 73 ദശലക്ഷം ലിറ്റർ ശുദ്ധജലംകൂടി അധികമായി ലഭിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്. പശ്ചിമ കൊച്ചിയിലേക്ക് 25 ദശലക്ഷവും, വൈപ്പിൻ പ്രദേശത്തേയ്ക്ക് 10 ദശലക്ഷവും ശുദ്ധജലം അധികമായി നൽകുന്നതിനു വേണ്ടിയുള്ള നടപടിയെടുത്തുവരുന്നു. ഡി. എഫ്. ഐ. ഡി. സ്കീമിനകത്ത് 15 ദശലക്ഷം ലിറ്റർ വെള്ളത്തിനുപുറമെ 10 ദശലക്ഷം ലിറ്റർ വെള്ളം കൂടി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ സോൺ 1-ലും 3-ലും ഉള്ള വിതരണ ശൃഖലയുടെ പൈപ്പിടൽ ജോലികൾ പൂർത്തിയായിവരുന്നു. അതിന്റെ ഫസ്റ്റ് ഫേസ് നമുക്ക് കമ്മീഷൻ ചെയ്യാൻ കഴിയും. പൊവ്വര പദ്ധതിയിലൂടെ പറവൂർ മുനിസിപ്പാലിറ്റിക്കും സമീപ പ്രദേശത്തുള്ള എട്ട് പഞ്ചായത്തുകൾക്കും ആവശ്യമായ ശുദ്ധജലം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ കിണറിന്റെയും പമ്പ് ഹൗസിന്റെയും പണികൾ 90 ശതമാനം പൂർത്തിയായി. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആകെയുള്ള 20.3 കിലോമീറ്റർ പൈപ്പ് ലൈനിന്റെ പണികളുടെ 75 ശതമാനവും പൂർത്തികരിച്ചു കഴിഞ്ഞു. പറവൂരിലുള്ള ശുദ്ധജല സംഭരണിയുടെ പണികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഈ പദ്ധതി അടുത്തമാസം അവസാനത്തോടെ കമ്മീഷൻ ചെയ്യത്തക്കവിധത്തിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. നാലാമത്തേത് തൃപ്പൂണിത്തുറ ശുദ്ധജലവിതരണ പദ്ധതിയാണ്. ഈ പദ്ധതിയുടെ പ്രയോജനം തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും സമീപപ്രദേശത്തുള്ള മരട്, ചോറ്റാനിക്കര, തിരുവാങ്കുളം, ഉദയംപേരൂർ, എന്നീ പഞ്ചായത്തുകൾക്കും ലഭിക്കുന്നതാണ്. 46 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാലയുടേയും ചൂണ്ടി മുതൽ തൃപ്പൂണിത്തുറവരെയുള്ള ട്രാൻസ്മിഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പണികളുടെയും കരാറുകൾ നൽകിക്കഴിഞ്ഞു. ഈ പദ്ധതി രണ്ടുവർഷത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി പൂർത്തീകരിക്കുമ്പോൾ ഒന്നര ലക്ഷം ജനങ്ങൾക്കു കൂടി ഇതിന്റെ പ്രയോജനം ലഭിക്കും. കൊച്ചിയെ സംബന്ധിച്ച് വിപുലമായ ചില പദ്ധതികളാണ് നമ്മൾ ആസൂത്രണം ചെയ്തിരിക്കുന്നത്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഒരു പദ്ധതികൂടി വരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് 50 ശതമാനം തുകയും സംസ്ഥാന ഗവൺമെന്റ് 20 ശതമാനവും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് 30 ശതമാനം തുകയും വാങ്ങി വിപുലമായ ഒരു പദ്ധതികൂടി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി കൊച്ചി പട്ടണത്തിൽ നടത്തുന്നതിന് ശ്രമിക്കുന്നുണ്ട്. ശ്രീ. ലൂഡി ലൂയിസിന്റെ വീട്ടിൽ വെള്ളമില്ലെന്നു പറഞ്ഞു. അങ്ങനെയൊരു പരാമർശമുണ്ടായതിൽ സത്യത്തിൽ ഞാൻ ഖേദിക്കുകയാണ്. ആ ഭാഗത്ത് ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിന് ചെയ്യാവുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്.

പ്രൊഫ: കെ. വി. തോമസ്: ബഹുമാനപ്പെട്ട മന്ത്രി ദീർഘകാല പദ്ധതികളെക്കുറിച്ച് പറഞ്ഞു. കൊച്ചി നഗരത്തിൽ ഇതുപോലുള്ള ധാരാളം ദീർഘകാല പദ്ധതികളുണ്ട്. ഇവിടെ അടിയന്തിരമായി ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. ഹൈക്കോടതിയിൽ ഒരു പദ്ധതി സമുച്ചയമുണ്ട്. അവിടെ ഏറ്റവും വലിയ ജലസംഭരണി ഉണ്ടായിട്ടുണ്ട്. ആ ജലസംഭരണിയിലേയ്ക്ക് ജലമെടുക്കുന്നത് മുളവുകാട്ടേയ്ക്ക് പോകുന്ന പൈപ്പ് ലൈനിൽനിന്നാണ്. മുളവുകാട് പൈപ്പ്ലൈൻ ഇല്ല. 35 ലക്ഷം രൂപ ചെലവഴിച്ചാൽ പെരുമാനൂർ പമ്പിംഗ് സ്റ്റേഷനിൽ നിന്ന് ഹൈക്കോടതിയിലേയ്ക്ക് വെള്ളം കൊടുക്കാൻ കഴിയും. അത് കൊടുക്കേണ്ട ബാദ്ധ്യത കൊച്ചിൻ കോർപ്പറേഷനുള്ളതല്ല. ഗവൺമെന്റിനാണ് അതിനുള്ള ചുമതല. അതുപോലെതന്നെ അവിടുത്തെ വലിയ വലിയ സ്ഥാപനങ്ങൾ മെയിൻ ലൈനിൽ നിന്ന് പമ്പ് ഉപയോഗിച്ച് ഡയറക്ടായി വെള്ളമെടുക്കുകയാണ്. ഞങ്ങൾ ഇക്കാര്യം പലപ്രാവശ്യം പറഞ്ഞതാണ്. പാവപ്പെട്ട ആളുകൾക്ക് വെള്ളം കിട്ടുന്നില്ല. അതിനുപകരം കഴിവുള്ള വലിയ വലിയ സ്ഥാപനങ്ങൾ മെയിൻ ലൈനിൽനിന്ന് ഉദ്യോഗസ്ഥരുടെ ഒത്താശയോടുകൂടി വെള്ളം വലിച്ചെടുക്കുകയാണ്. ഇത് വർഷങ്ങളായി നടക്കുന്ന കാര്യമാണ്. ഇത്തരം

കാര്യങ്ങൾ ഗവൺമെന്റ് അടിയന്തിരമായി നോക്കണം. കൊച്ചിൻ കോർപ്പറേഷനെമാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവർ കുറെ പൈസ ഗവൺമെന്റിന് തരാനുണ്ട്. കൊച്ചിയിൽ വെള്ളം കൊടുക്കുന്നത് ഗവൺമെന്റാണ്. കൊച്ചിൻ കോർപ്പറേഷനിൽനിന്ന് കിട്ടേണ്ട പണം വാങ്ങണം. അതിന് ഞങ്ങളുംകൂടി സഹകരിക്കാം. കൊച്ചിയിൽ രൂക്ഷമായ വരൾച്ചയാണ് വരാൻ പോകുന്നത്. അവിടെ ശുദ്ധജലത്തിന് വേറെ മാർഗ്ഗമില്ല. അതുകൊണ്ട് രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകണം. ഹൈക്കോടതിയുടെ കാര്യത്തിൽ 35 ലക്ഷം രൂപ ചെലവഴിച്ച് പൈപ്പ് ലൈൻ ഇടണം. മെയിൻ പമ്പിൽ നിന്ന് വെള്ളം വലിച്ചെടുക്കുന്നത് നിർത്തലാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതുപോലെ അവിടെ illegal connections ധാരാളമുണ്ടെന്ന് ഡിപ്പാർട്ടുമെന്റിനറിയാം. അതിനെതിരെ നടപടിയെടുക്കുന്നതിനുള്ള സംവിധാനവും ഗവൺമെന്റിനുണ്ട്. പക്ഷെ അതുകൊണ്ടുണ്ടാകുന്ന പ്രയാസങ്ങളൊക്കെ ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. നടപടിയെടുക്കണമെന്ന് അങ്ങ് നിർബന്ധിച്ചാൽ നിശ്ചയമായും നടപടിയെടുക്കുന്നതാണ്. രണ്ടാമത്തെ പ്രശ്നം ഇതുപോലുള്ള സീരിയസ്സായിട്ടുള്ള വിഷയം വളരെ സീനിയറായിട്ടുള്ള പ്രൊഫ. കെ. വി. തോമസിനെപോലുള്ള ഒരു മെമ്പർ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ കൊച്ചി പട്ടണവുമായി ബന്ധപ്പെട്ട മന്ത്രിമാർ, എം. എൽ. എ.-മാർ, കോർപ്പറേഷൻ മേയർ തുടങ്ങിയവരുടെ യോഗം അടിയന്തിരമായി വിളിച്ചു കൂട്ടുന്നതാണ്.

ശ്രീ. ടി. എം. ജേക്കബ്: ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ പരിധിയിലുള്ളവരെയും ഇതിൽ പങ്ക് ചേർക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മുൻ ജലവിഭവ വകുപ്പുമന്ത്രിയുടെ ആ ആവശ്യം ഞാൻ അംഗീകരിക്കുകയാണ്. ജി. സി. ഡി. എ. യുടെ പരിധിയിൽപ്പെട്ട എല്ലാ ആളുകളെയും ഈ യോഗത്തിലേയ്ക്ക് വിളിക്കുന്നതാണ്.

V സബ്മിഷൻ

(1) കരുവാറ്റ പഞ്ചായത്ത് നിവാസിയും ആസ്സാം റൈഫിൾസ് ജീവനക്കാരനുമായിരുന്ന അനിൽ കുമാറിന്റെ മരണം

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിൽപ്പെട്ട കരുവാറ്റ പഞ്ചായത്തിലെ ആലത്തറ കിഴക്കതിൽ അനിൽകുമാർ ആസ്സാം റൈഫിൾസിലെ ഒരു ജവാനായിരുന്നു. 4-ാം തീയതി നാഗാമിലിറ്റൻസ് അദ്ദേഹത്തെ കൊലപ്പെടുത്തുകയുണ്ടായി. നാഗാ മിലിറ്റൻസിന്റെ Deployment operation എന്ന് പറയുന്ന ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ പങ്കെടുക്കുമ്പോഴാണ് അനിൽകുമാർ കൊല ചെയ്യപ്പെടുന്നത്. ഇന്ന് ഉച്ചക്ക് 3 മണിക്ക് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly